KERALA VETERINARY & ANIMAL SCIENCES UNIVERSITY * LIVESTOCK RESEARCH STATION
THIRUVAZHMKUNNU
DATE.....................


# കേരള വെറ്ററിനറി &ആനിമൽ സയൻസസ് യൂണിവേഴ്സിറ്റി

**കന്നുകാലി ഗവേഷണ കേന്ദ്രം, തിരുവാഴാംകുന്ന്**

**പാലക്കാട്, കേരള-678601**

ഇ.മെയിൽ: lrst@kvasu.ac.in, Ph : 04924 296562


**നം. എൽ5-959/2026** **തീയതി: 18/05/2026**

## പൊതു ലേലം നോട്ടീസ്

ഈ കേന്ദ്രത്തിൽ വൈദ്യുതി വേലി നിർമ്മിക്കുന്നതിനായി മരങ്ങളുടെ ചില്ലകൾ വെട്ടിമാറ്റിയ വിറകുകളും ഫാമിന്റെ പല ഭാഗങ്ങളിൽ നിന്നും പൊട്ടിവീണ മരങ്ങൾ ഒതുക്കിയ വകയിലുള്ള വിറകുകളും പൊതുലേലം മുഖേന വിൽപ്പന നടത്തുന്നതാണ്. മുദ്രണം ചെയ്ത ക്വട്ടേഷനുകളും സ്വീകരിക്കുന്നതാണ്.

**ലോട്ട് നം. 1**
**ലോട്ട് നം. 2** } **നിതരദ്രവ്യം : Rs 500/ലോട്ട്**
**ലോട്ട് നം. 3**

1) **ക്വട്ടേഷൻ സ്വീകരിക്കുന്ന അവസാന തീയതി &സമയം :09/06/2026, 10:30 AM**
2) **പരസ്യ ലേലം ആരംഭിക്കുന്ന സമയം: 09/06/2026, 11:00 AM**
3) **ക്വട്ടേഷൻ തുറക്കുന്ന സമയം : പരസ്യ ലേലം കഴിഞ്ഞതിന് ശേഷം**
4) **സ്ഥലം : കന്നുകാലി ഗവേഷണ കേന്ദ്രം, തിരുവിഴാംകുന്ന്**

### നിബന്ധനകൾ

1. ലേലത്തിൽ പങ്കെടുക്കുന്നവർ മുകളിൽ പറഞ്ഞ നിരതദ്രവ്യം പണമായി നേരിട്ട് ഓഫീസിൽ കെട്ടിവച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.
2. നിരതദ്രവ്യം കെട്ടിവച്ചവരെ മാത്രമേ പരസ്യലേലത്തിൽ പങ്കെടുക്കുവാൻ അനുവദിക്കുകയുള്ളൂ.
3. വിറക് കിലോഗ്രാമിന് എത്ര രൂപയ്ക്ക് എടുക്കാമെന്നാണ് ക്വട്ടേഷനിൽ രേഖപ്പെടുത്തേണ്ടത് .
4. വെള്ളക്കടലാസിൽ അക്കത്തിലും അക്ഷരത്തിലും **ഒരു കിലോഗ്രാം വിറകിന്റെ വില, ലോട്ട് നമ്പർ** അടക്കം എഴുതിയ ക്വട്ടേഷൻ സ്റ്റേഷൻ മേധാവിയുടെ മേൽവിലാസം മുദ്രണം ചെയ്ത കവറിലാക്കി കവറിനു മുകളിൽ **"'വിറകിനുവേണ്ടിയുള്ള ക്വട്ടേഷൻ"** എന്ന് രേഖപ്പെടുത്തി സമർപ്പിക്കേണ്ടതാണ്.
5. വിൽപ്പനയ്ക്കുള്ള വിറക് ഓഫീസ് സമയങ്ങളിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ അനുമതിയോടെ കാണാവുന്നതാണ്.
6. ലേലം/ക്വട്ടേഷനിൽ പങ്കെടുക്കുന്നവർ ഫോട്ടോ പതിപ്പിച്ച തിരിച്ചറിയൽ കാർഡ് ഹാജരാക്കേണ്ടതാണ്. ലേലം ഉറപ്പിക്കുന്നവർ ആയതിന്റെ പകർപ്പ് ഓഫീസിൽ സമർപ്പിക്കേണ്ടതാണ്.
7. ലേലം/ക്വട്ടേഷൻ സ്ഥിരീകരിക്കാത്തവരുടെ നിരതദ്രവ്യം അപ്പോൾത്തന്നെ തിരിച്ചു നൽകുന്നതാണ്.

8. ലേലം/ക്വട്ടേഷൻ സ്ഥിരീകരിച്ചുകഴിഞ്ഞാൽ പ്രസ്തുത വ്യക്തി മൊത്തം തുകയുടെ 1/3 ഭാഗം അന്നേദിവസവും **(നിരതദ്രവ്യം ഉൾപ്പെടെ)** ബാക്കി തുക ബാധകമായ നികുതികൾ അടക്കം പൂർണ്ണമായി 7 ദിവസത്തിനകം അടച്ചതിനു ശേഷം, സ്വന്തം ഉത്തരവാദിത്തത്തിലും ചെലവിലും 10 ദിവസത്തിനുള്ളിൽ വിറക് കൊണ്ടുപോവേണ്ടതാണ്.

9. ലേലം/ക്വട്ടേഷൻ നിരക്കുകൾക്ക് പുറമേ സർക്കാർ നിരക്കിൽ ബാധകമായ നികുതി (FDT) ചുമത്തുന്നതാണ്. **( FDT=5% of Sale value of Firewood)**

10. പ്രസ്തുത ദിവസത്തിനകം തുക പൂർണ്ണമായും അടയ്ക്കാതിരുന്നാൽ പുനർലേലം നടത്തുന്നതും കരാറുകാരൻ ആദ്യം അടച്ച തുക സർവ്വകലാശാലയ്ക്ക് മുതൽക്കൂട്ടുന്നതുമാണ്.

11. ലേലം/ക്വട്ടേഷൻ സ്ഥിരീകരിച്ച വ്യക്തി ഓഫീസ് സമയങ്ങളിൽ വന്ന് ഓഫീസ് മേധാവിയുടെ/ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ അറിവോടും സമ്മതത്തോടും കൂടിയേ വിറക് കൊണ്ടുപോകാൻ പാടുള്ളൂ. വിറക് പുറത്ത് കൊണ്ടുപോകുന്നത് അംഗീകൃത വഴികളിലൂടെ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ നൽകുന്ന ഗേറ്റ് പാസ് ഹാജരാക്കി ആയിരിക്കണം.

12. നിശ്ചിത തീയതിക്കും സമയത്തിനും ശേഷം ലഭിക്കുന്നതും വ്യക്തമല്ലാത്തതുമായ ക്വട്ടേഷനുകൾ നിരസിക്കുന്നതാണ്.

13. സർക്കാർ ക്വട്ടേഷന്റെ എല്ലാ വ്യവസ്ഥകളും നിബന്ധനകളും ഈ ക്വട്ടേഷനും ബാധകമാണ്.

14. ഏതെങ്കിലും കാരണവശാൽ ലേലം നിശ്ചയിച്ച ദിവസം അവധിദിനമായി വന്നാൽ തൊട്ടടുത്ത പ്രവൃത്തിദിവസം ലേലം/ ക്വട്ടേഷൻ നടത്തുന്നതാണ്.

15. യാതൊരു കാരണവും കാണിക്കാതെ തന്നെ ലേലം/ക്വട്ടേഷൻ മാറ്റി വയ്ക്കുന്നതിനോ അസ്ഥിരപ്പെടുത്തുന്നതിനോ ഉള്ള അധികാരം സ്ഥാപന മേധാവിയിൽ നിക്ഷിപ്തമാണ്. ക്വട്ടേഷൻ സംബന്ധിച്ച് എന്ത് തീരുമാനം എടുക്കുന്നതിനും സ്റ്റേഷൻ മേധാവിക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.

16. ലേല സമയത്ത് ക്യാംപസിൽ തികഞ്ഞ അച്ചടക്കം പാലിക്കണം. അനാവശ്യ പ്രശ്നങ്ങൾ ഉണ്ടാക്കുന്നവരുടെ പേരിൽ നിയമ നടപടികൾ കൈക്കൊള്ളുന്നതും

S. Sen[illegible]

**പ്രൊഫസർ ആന്റ് ഹെഡ്**

18/05/26

**പകർപ്പ്**

നോട്ടീസ് ബോർഡ് – ഓഫീസ്/ ഗേറ്റ് / ലോക്കൽ സർക്കുലേഷൻ
വെറ്ററിനറി യൂണിവേഴ്സിറ്റി വെബ്സൈറ്റ്
ഗ്രാമപഞ്ചായത്ത് ഓഫീസ് – കോട്ടോപ്പാടം / മണ്ണാർക്കാട് / അലനല്ലൂർ
വില്ലേജ് ഓഫീസ് – കോട്ടോപ്പാടം / കച്ചേരിപ്പറമ്പ് / അലനല്ലൂർ
മൃഗാശുപത്രി – മണ്ണാർക്കാട് / അലനല്ലൂർ
കൃഷിഭവൻ - കോട്ടോപ്പാടം / മണ്ണാർക്കാട് / അലനല്ലൂർ
സീനിയർ ഫാം സൂപ്പർവൈസർ / ഫാം സൂപ്പർവൈസർ ഗ്രേഡ് I